ഉത്തരം

(എ)-(സി) ഹൈക്കോടതിയുടെ സിംഗിൾ ബഞ്ച് നൽകിയ അത്തര മൊരുത്തരവ് ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ച് സ്റ്റേ ചെയ്തിരിക്കുക യാണ്.

(ഡി) ഇത്തരത്തിലൊരു പരാമർശം കോടതിവിധിയിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(1477) ചെങ്ങന്നൂരിൽ കുടുംബകോടതി ആരംഭിക്കുവാൻ നടപടി

ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസാ യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ പത്തനംതിട്ട ജില്ലകളിൽ കുടുംബകോടതിയുടെ പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്ത വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ;

(ബി) ആലപ്പുഴ, പത്തനംതിട്ട ജില്ലകളുടെ മധ്യഭാഗമായ ചെങ്ങന്നൂ രിൽ കുടുംബകോടതി ആരംഭിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(സി) ചെങ്ങന്നൂരിൽ കുടുംബകോടതിയുടെ പ്രവർത്തനം ആരംഭി ക്കുന്നതുകൊണ്ട് സംസ്ഥാന സർക്കാരിന് അധിക ബാധ്യത ഉണ്ടാവുകയി ല്ലെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി)&(സി) സംസ്ഥാനത്ത് കുടുംബകോടതികൾ ആരംഭിക്കുന്നത് അതതു ജൂഡീഷ്യൽ ജില്ലാ ആസ്ഥാനത്താണ്. ചെങ്ങന്നൂർ ജൂഡിഷ്യൽ ജില്ലാ ആസ്ഥാനമല്ലാത്തതിനാൽ അവിടെ കുടുംബകോടതി ആരംഭിക്കുന്ന കാര്യം പരിഗണിക്കാൻ നിർവ്വാഹമില്ല.

(1489) റീ സർവ്വേ നടപടികൾ

ശ്രീ. പി.കെ.കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീ സർവെ നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഏതൊക്കെ വില്ലേജുകളിൽ സർവ്വേ അദാലത്ത് പൂർത്തിയായി;

(സി) പുതുതായി ഏതൊക്കെ വില്ലേജുകളിൽ ആരംഭിക്കുവാൻ ഉദ്ദേ ശിക്കുന്നു;

(ഡി) സർവ്വേ അദാലത്ത് കഴിഞ്ഞ വില്ലേജുകളിൽ റീ സർവ്വേ സംബ ന്ധിച്ച് പരാതികൾ പരിഹരിക്കുവാൻ എന്തു സംവിധാനമാണ് ഉള്ളതെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 790 വില്ലേജുകളുടെ ഫീൽഡ് ജോലിയും അവ യിൽ 727 വില്ലേജുകളുടെ ഓഫീസ് ജോലിയും പൂർത്തിയാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly